# 8. ഏജൻറ് ഓറഞ്ച്

വിയററ്നാമിലെ യുദ്ധത്തിൽ അമേരിക്ക ഉപയോഗിച്ച ഒരു രാസആയുധമാണ് 'ഏജൻറ് ഓറഞ്ച്'. ഇതിനെപ്പററി 1980 ജൂലൈ മാസത്തിൽ പ്രസിദ്ധംചെയ്ത ഒരു ലേഖനത്തിൽ ഞാൻ ഇങ്ങനെ എഴുതിയിരുന്നു:

'വിയററ്നാമിലെ യുദ്ധം ഏറെക്കുറെ ഒരു ഗറില്ലായുദ്ധമായിരുന്നു. അമേരിക്കൻ ഭടന്മാർക്ക് അവിടെ മിക്കപ്പോഴും പൊരുതേണ്ടിയിരുന്നത് അദൃശ്യരായ എതിരാളികളോടായിരുന്നു. വിയററ്നാമിലെ ഇടതൂർന്ന കാടുകളും നെല്ലു തഴച്ചുവളർന്നുനിൽക്കുന്ന പാടങ്ങളും വാഴത്തോപ്പുകളുമൊക്കെ വിയററ് കോങ്ങുകൾക്ക് (വിയററ്നാമീസ് പോരാളികൾക്ക്) ഒളിച്ചിരിക്കുന്നതിനു വേണ്ടത്ര സൗകര്യം നൽകി. പൊന്തകളിലൂടെ നൂഴ്ന്നും ചെളിയിൽ ഇഴഞ്ഞും ചെന്ന് അവരെ കണ്ടുപിടിച്ചു കൊന്നൊടുക്കുക, അമേരിക്കൻ ഭടന്മാരെ സംബന്ധിച്ചിടത്തോളം, സുഖകരമായ ഒരനുഭവമായിരുന്നില്ല. ടാങ്കുകളും ജീപ്പുകളും അവിടെ നിഷ്പ്രയോജനങ്ങൾ ആയിരുന്നു. വിമാനങ്ങളിലിരുന്നു വെടിവെയ്ക്കുകയോ, ബോംബെറിയുകയോ, റോക്കററ് പ്രയോഗിക്കുകയോ ചെയ്യണമെന്നുവെച്ചാൽ അതിനും വേണമല്ലോ ശത്രുക്കളെ കണ്ടെത്തുക.

'ഏജൻറ് 'ഓറഞ്ച്'' എന്ന പേരിലറിയപ്പെടുന്ന രാസവസ്തു ഒരു ആയുധമായിത്തീർന്നത് ഈ പരിതസ്ഥിതിയിലായിരുന്നു. എണ്ണപോലെ കൊഴുത്ത, തവിട്ടുനിറമുള്ള, ഈ ദ്രാവകം വിമാനത്തിൽനിന്ന് തളിച്ചാൽ ഏതാനും നിമിഷങ്ങൾക്കകം താഴെയുള്ള സസ്യങ്ങളുടെ പച്ചയിലകൾ മുഴുവൻ തവിട്ടുനിറമാവുകയും ഉണങ്ങിക്കരിയുകയും കൊഴിഞ്ഞുപോവുകയും ചെയ്യും. വിയററ്കോങ്ങുകൾ ഒളിച്ചിരിക്കുന്നതായി തോന്നിയ കാടുകളും തോപ്പുകളും അവർക്കു ഭക്ഷണം നൽകുന്ന നെല്പാടങ്ങളും നശിപ്പിക്കുന്നതിന് അമേരിക്കൻ സേന 'ഈ' രാസവസ്തു ഉപയോഗപ്പെടുത്തി. ഒരു വിമാനത്തിൽനിന്നു സെക്കൻഡിൽ നാലു ഗ്യാലൻ വീതം ഏജൻറ് ഓറഞ്ച് തളിക്കാം. നാലു മിനിററിനകം പത്തു മൈൽ നീളവും എൺപതുവാര വീതിയുമുള്ള ഒരു തരിശുനിലം കാട്ടിലും പാടത്തും പറമ്പുകളിലും ഉണ്ടായിത്തീരും. 1965 മുതൽ 1970 വരെയുള്ള അഞ്ചു വർഷങ്ങളിൽ വിയററ്നാമിലെ മുപ്പതു ലക്ഷം ഏക്കർ സ്ഥലത്ത്, ഒരു കോടി ഏഴു ലക്ഷം ഗ്യാലൻ ഏജൻറ് ഓറഞ്ച് അമേരിക്കൻ വിമാനങ്ങൾ തളിച്ചു. വിയററ്നാമിലെ സസ്യസമ്പത്തിന് ഇതുമൂലം ഉണ്ടായ നാശം ഊഹിക്കാമല്ലോ.

'വിമാനത്തിൽനിന്ന് ഈ രാസവസ്തു തളിച്ചത് ജനശൂന്യമായ പ്രദേശത്തായിരുന്നില്ല. വിയററ്നാമിലെ പടയാളികളുടെയും ജനങ്ങളുടെയും കഥ വിട്ടുകളയുക. അവർ മാത്രമേ താഴെ ഉണ്ടായിരുന്നുള്ളുവെങ്കിൽ, ഈ വിഷവർഷം ഇതിനകം വിസ്മരിക്കപ്പെടുമായിരുന്നു. ഭാഗ്യത്താലോ നിർഭാഗ്യത്താലോ, അമേരിക്കക്കാരായ കുറെയേറെ സിവിലിയന്മാരും പട്ടാളക്കാരും ഈ രാസമഴ പൊഴിഞ്ഞ സ്ഥലങ്ങളിലുണ്ടായിരുന്നു. സസ്യങ്ങൾക്കു ഹാനികരമെങ്കിലും ഏജൻറ് ഓറഞ്ച് മനുഷ്യർക്ക് അപകടമുണ്ടാക്കുകയില്ല' എന്നാണ് അവരെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നത്.

'വിയററ്നാം യുദ്ധത്തിൽ പങ്കെടുത്തു മടങ്ങിയെത്തിയ ആയിരക്കണക്കിന് അമേരിക്കക്കാർ ഇപ്പോൾ വിശ്വസിക്കുന്നതു നേരെ മറിച്ചാ

ണ്ട്. ഈ എണ്ണക്കൊഴുപ്പുദ്രാവകം കലർന്ന വായു ശ്വസിച്ചതിൻഫലമായി കാൽവിരലുകളിൽ തരിപ്പുമുതൽ ക്യാൻസർ വരെ പലതരം രോഗങ്ങൾ തങ്ങളെ ബാധിച്ചതായി അവർ പ്രസ്താവിക്കുന്നു. അവരിൽ ചിലക്ക് പിന്നീട് പിറന്ന കുട്ടികൾ അംഗവൈകല്യമുള്ളവരായിരുന്നു. മുഖത്തു് വലിയ ഒരു ട്യൂമറുമായാണ് ഒരു കുട്ടി പിറന്നതു്. ഇപ്പോൾ അരവയസ്സായ ആ കുട്ടി, ആറു് ഓപ്പറേഷനുകളുടെ ഫലമായി, കണ്ടാൽ ഭയം ജനിക്കുമാറു വിരൂപനായിരിക്കുന്നു. ഏജൻറ് ഓറഞ്ച് തൻെറ ശരീരകോശങ്ങളിലെ ക്രോമസങ്ങൾക്ക കേടുവരുത്തിയതിൻെറ ഫലമാണ് മകൻെറ ട്യൂമറെന്നു് 'വിയററ്നാം പെറററൻ'മാരിലൊരാളായ കുട്ടിയുടെ പിതാവു് കരുതുന്നു.

'പക്ഷേ, എന്തു ചെയ്യാൻ? വിയററ്നാമിൽ ഈ വിഷദ്രവം ചൊരിഞ്ഞ സൈന്യത്തിനോടോ സർക്കാരിനോടോ നഷ്ടപരിഹാരം ആവശ്യപ്പെട്ടു കോടതിയിൽ ഹർജി ബോധിപ്പിക്കാൻ അമേരിക്കയിൽ നിയമമില്ല. ഈ വിഷവസ്തു നിർമിച്ചവരെ, വേണമെങ്കിൽ, കോടതി കയററാം. മുമ്പു പറഞ്ഞ വികലാംഗശിശുവിൻെറ പിതാവു് അടക്കം ആയിരത്തിലേറെ വിയററ്നാംപെറററൻ'മാർ ഏജൻറ് ഓറഞ്ച് നിർമിച്ച 'ഡൗ ആൻഡ് മോൺസാൻേറാ' എന്ന കെമിക്കൽ കമ്പനിക്കെതിരായി കേസ്സുകൊടുത്തിട്ടുണ്ട്. താമസിയാതെ ന്യൂയോർക്കിലെ ഒരു ഫെഡറൽ ജഡ്ജി ഈ കാര്യത്തിൽ വിധി പറയും. വിഷബാധകൊണ്ട് രോഗപീഡിതരായവൾക്ക് കെമിക്കൽ കമ്പനി നഷ്ടപരിഹാരം കൊടുക്കണമെന്നാണ് വിധി ഉണ്ടാകുന്നതെങ്കിൽ, ആ തുക അമേരിക്കൻ ഫെഡറൽ ഗവണ്മെൻറ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കെമിക്കൽ കമ്പനിയും കോടതിയെ സമീപിച്ചിട്ടുണ്ട്. അമേരിക്കൻ ഗവണ്മെൻറ് ആവശ്യപ്പെട്ടതനുസരിച്ച്, അവർ കൊടുത്ത ഫോർമുല പ്രകാരം ആണ് തങ്ങൾ ഈ വിഷദ്രവം നിർമിച്ചതെന്നും, അതു പ്രയോഗിച്ചതു തങ്ങളല്ല, ഗവണ്മെൻറാണെന്നും, പ്രയോഗിക്കുമ്പോൾ ആവശ്യമായ മുൻകരുതലുകൾ എടുക്കുകയുണ്ടായില്ലെങ്കിൽ അതിൻെറ കുററം തങ്ങളുടേതല്ല, ഗവണ്മെൻറിൻേറതാണ് എന്നുമത്രെ കമ്പനിയുടെ വാദം'. (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 13 ജൂലൈ 1980).

ആറു കൊല്ലമായി വിചാരണയും വാദവും നടന്നുവന്നിരുന്ന ഈ കേസ്സിൽ, 1984 മെയ് 7–ാംതീയതി ന്യൂയോർക്കിലെ ഫെഡറൽ ജഡ്ജി വിധി പ്രസ്താവിക്കുന്നതിനു് ഏതാനും മണിക്കൂറുകൾമുമ്പ്, പ്രതിസ്ഥാനത്തു നില്ക്കുന്ന അമേരിക്കയിലെ ഏഴു പ്രമുഖ കെമിക്കൽ കമ്പനികളും, വാദികളായ ഏജൻറ് ഓറഞ്ച് വിഷബാധയേററ അമേരിക്കൻ ഭടന്മാക്കുവേണ്ടി 'വിയററ്നാം പെറററൻ'മാരുടെ സംഘടനയും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായി. അതനുസരിച്ച്, ഏജൻറ് ഓറഞ്ച് വിഷബാധമൂലം കഷ്ടപ്പെടുന്ന അമേരിക്കൻ ഭടന്മാർക്കുവേണ്ടിയുള്ള ഒരു ഫണ്ടിലേക്കു പതിനെട്ടുകോടി ഡോളർ (നൂറെറൺപതു കോടി രൂപ) നഷ്ടപരിഹാരമായി നൽകാൻ ഏഴു കെമിക്കൽ കമ്പനികൾ സമ്മതിച്ചു.

അമേരിക്കക്കാരും ന്യൂസിലാൻഡുകാരും ആസ്ട്രേലിയക്കാരുമായ, അമ്പതിനായിരത്തോളം പട്ടാളക്കാർ ഏജൻറ് ഓറഞ്ച് വിഷബാധമൂലം തങ്ങൾക്കു ക്യാൻസർ, ഞരമ്പുരോഗങ്ങൾ മുതലായ രോഗങ്ങളും തങ്ങളുടെ കുട്ടികൾക്കു ജനനത്തിൽത്തന്നെ അംഗവൈകല്യങ്ങളും ബാധിച്ചിട്ടുള്ളതായി പരാതിപ്പെട്ടിട്ടുണ്ട്.

1969–ൽ അമേരിക്ക രാസ ആയുധങ്ങളുടെ നിർമാണം നിർത്തിവെച്ചതായിരുന്നു. 1982–ൽ, റെയ്ഗൻ പ്രസിഡൻറ് ആയിരിക്കെ, ഇത്തരം ആയുധങ്ങൾ വൻതോതിൽ വീണ്ടും നിർമ്മിച്ചു തുടങ്ങുവാൻ അമേരിക്കൻ ഗവണ്മെൻറ് തീരുമാനിച്ചു. ഇരുനൂറു കോടി ഡോളർ ചെലവുള്ള ഈ പദ്ധതി 1982–ൽ ആരംഭിക്കുകയുംചെയ്തു. രാസ ആയുധനിർമാണം നിർത്തി

വെച്ച കാലത്തുതന്നെ, മുമ്പു നിർമിച്ച ആറു ലക്ഷത്തിമുപ്പതിനായിരം രാസ ആയുധങ്ങരം, എപ്പോരം വേണമെങ്കിലും എടുത്തു പ്രയോഗിക്കാൻ പാകത്തിനു് അമേരിക്കയുടെ ആയുധക്കലവറകളിൽ ഇരിപ്പുള്ളതായി, 'ന്യൂസ്‌വീക്ക്' വാരിക പ്രസ്താവിച്ചിരുന്നു. രാസ ആയുധനിർമാണത്തോടൊപ്പം, രാസയുദ്ധപ്രതിരോധനടപടികരംക്കായി 1983–ൽ അമ്പതു കോടി ഡോളർ ചെലവു ചെയ്യാനും അമേരിക്കൻ ഗവണ്മെൻറ് 1982–ൽ തീരുമാനിച്ചിരുന്നു. നവീകരിച്ച, വിപുലമായ ഒരു രാസആയുധശേഖരം ഇതിനകം അമേരിക്കൻസേനയുടെ കൈവശം വന്നുചേർന്നിരിക്കണം.

ഇറാൻ—ഇറാക്ക് യുദ്ധത്തിൽ ഇറാനിലെ പടയാളികരംക്കെതിരെ ഇറാക്ക് വലിയതോതിൽ രാസആയുധങ്ങരം പ്രയോഗിച്ചതായി പത്രങ്ങരം റിപ്പോർട്ട്ചെയ്തിരുന്നു. ഐക്യരാഷ്ട്രസമിതി ഈ വാർത്ത സ്ഥിരീകരിച്ചിട്ടുമുണ്ട്. ഇറാക്കിനു് രാസആയുധങ്ങരം വിററതു് ഫ്രാൻസ് ആണെന്നു് വിശ്വസിക്കപ്പെടുന്നു. അമേരിക്കയും റഷ്യയും പുറമെ ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറെ ജർമനി, ജപ്പാൻ, ചൈന മുതലായ എത്രയോ രാജ്യങ്ങളിൽ രാസആയുധങ്ങളുടെ നിർമാണവും വില്പനയും നടന്നുവരുന്നുണ്ടാവണം.

ഇനിയങ്ങോട്ടുള്ള യുദ്ധങ്ങളിൽ, ആററംബോംബ് പ്രയോഗിക്കപ്പെട്ടാലും ഇല്ലെങ്കിലും വ്യാപകമായ തോതിൽ രാസ—ആയുധങ്ങരം പ്രയോഗിക്കപ്പെടാനാണു സാദ്ധ്യത മനുഷ്യവർഗം സമ്പൂർണമായും നശിക്കുന്നതു് ആററംബോംബ് സ്ഫോടനത്തിലൂടെ പെട്ടെന്നു വേണമോ, രാസവിഷബാധയിലൂടെ അരിച്ചരിച്ചും നരകിച്ചും മെല്ലെ വേണമോ എന്നതാവാം, ഒരുപക്ഷേ, മനുഷ്യൻെറ മുന്നിൽ അവസാനമായി വിധി ഉന്നയിക്കുന്ന പ്രശ്നം.

1980–ലെഴുതിയ ലേഖനം ഞാൻ അവസാനിപ്പിച്ചതു് ഇങ്ങനെയായിരുന്നു:

'ഏജെൻറ് ഓറഞ്ച്' ഏതാനും അമേരിക്കക്കാരുടെമേൽ തളിക്കപ്പെട്ടിട്ടേ ഉള്ളൂ. അതിൽ കുളിച്ചവരാണു് വിയററ്നാമിലെ നാട്ടുകാർ. പക്ഷേ, അവർ ആരോടു നഷ്ടപരിഹാരം ആവശ്യപ്പെടാനാണു്!'

(10 ജൂൺ, 1984)

# 9. ഗൾഫിലെ യുദ്ധം

ഇറാനും ഇറാക്കും തമ്മിലുള്ള യുദ്ധം ആരംഭിച്ചിട്ടു നാലുവർഷങ്ങളിലധികമായി. ഇറാക്കിൻെറ അഭിപ്രായത്തിൽ ഈ യുദ്ധം ആരംഭിച്ചതു് 1980 സെപ്റ്റംബർ 4–ാം തീയതി ബസ്രയ്ക്കടുത്തു് ഇറാക്കിൻെറ കൈവശമായിരുന്ന ചതുപ്പു പ്രദേശത്തേക്കു് ഇറാൻപട്ടാളം ആക്രമിച്ചു കടന്നതോടെയാണു്. പതിനെട്ടു ദിവസം കഴിഞ്ഞു്, 1980 സെപ്റ്റംബർ 22–ാം തീയതി ഇറാൻെറ കീഴിലുള്ള ഷാററ്–അൽ-അരബ് പ്രദേശത്തേക്കു വൻതോതിൽ ഇറാക്ക് പട്ടാളം പ്രവേശിച്ചതോടെയാണു യുദ്ധം തുടങ്ങിയതെന്നു് ഇറാൻകാർ പറയുന്നു.

യുദ്ധത്തിൻെറ ആദ്യഘട്ടത്തിൽ വിജയം ഇറാക്കിനു് ആയിരുന്നു. ഇറാൻെറ എണ്ണപ്പാടങ്ങരം സ്ഥിതി ചെയ്യുന്ന ഖൂസിസ്ഥാൻ പ്രദേശത്തു് ഇറാക്കിൻെറ മൂന്നു ഡിവിഷൻ പട്ടാളങ്ങരം കടന്നുചെന്നു; അബദാനിലെ എണ്ണസംസ്കരണശാല അവർ തകർത്തു; പല നഗരങ്ങളും അവർ പിടിച്ച